"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - സബ്സിഡി അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ - വിശദീകരണങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2164/2022/LSGD തീയതി,തിരുവനന്തപുരം, 02-09-2022

പരാമർശം:- 1. സ.ഉ.(സാധാ)നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗത്തിലെ 3(3), 3(4) നമ്പർ തീരുമാനങ്ങൾ

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗരേഖ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖയ്ക്ക് പരാമർശം 2-ലെ തീരുമാനങ്ങൾ പ്രകാരം ചുവടെ വിവരിക്കുന്ന വിശദീകരണങ്ങൾ നൽകി സർക്കാർ ഉത്തരവാകുന്നു.

1. കൃഷിക്കുള്ള ജൈവവളം വാങ്ങാവുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ പട്ടികയിൽ ക്രമനമ്പർ 1-ന് നേരെ അവസാന കോളത്തിൽ ഇനം 3 ആയി നൽകിയിട്ടുണ്ട്. ഇതിൽ പരാമർശിക്കുന്ന സ്ഥാപനങ്ങൾക്കൊപ്പം കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന അഗ്രോ സർവീസ് സെന്ററുകൾ, ഇക്കോഷോപ്പുകൾ, തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ ബയോ ഫെർട്ടിലൈസർ ലാബുകൾ എന്നിവിടങ്ങളിൽ നിന്നു കൂടി ജൈവവളം നേരിട്ട് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

2. മാർഗരേഖയുടെ ഖണ്ഡിക 6.1-ലെ പട്ടികയിൽ ക്രമ നമ്പർ 1 മുതൽ 5 വരെ പരാമർശിക്കുന്ന ഇനങ്ങൾ, അതത് ഇനങ്ങളുടെ അവസാന കോളത്തിൽ പരാമർശിക്കുന്ന സ്ഥാപനങ്ങൾക്കൊപ്പം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും (KAICO) നേരിട്ട് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നു. കൂടാതെ കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളും KAICO-യിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണി നിർവഹിക്കുന്നതിനുള്ള പ്രോജക്ടുകൾ KAICO മുഖേന നിർവഹണം നടത്താവുന്നതാണെന്നും വ്യക്തമാക്കുന്നു.

3. മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ പട്ടികയിലെ ക്രമനമ്പർ 2-ൽ കൃഷിക്ക് രാസവളം, ജലലയവളങ്ങൾ, നാനോ വളങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ രാസ കീടനാശിനികളും കളനാശിനികളും പരാമർശിച്ചിട്ടില്ല ഇവ പൂർണ്ണമായി ഒഴിവാക്കാനാകില്ല എന്നതുകൊണ്ട് അനിവാര്യമാകുന്ന സന്ദർഭങ്ങളിൽ മാത്രം മാർഗരേഖയുടെ ഖണ്ഡിക 3 പ്രകാരമുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ സമഗ്ര പരിപാടിയുടെ ഭാഗമായി രാസകീടനാശിനികളും കുമിൾനാശിനികളും കളനാശിനികളും നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നു. പൊതുവിഭാഗം/പട്ടികജാതി വിഭാഗക്കാർക്ക് പരമാവധി 50 ശതമാനവും പട്ടികവർഗ വിഭാഗക്കാർക്ക് 100 ശതമനവും സബ്സിഡി അനുവദിക്കാവുന്നതാണ്.

4. കൃഷിക്കുള്ള ജൈവ/ജീവാണു കീടനാശിനികൾ വാങ്ങാവുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ പട്ടികയിൽ ക്രമ നമ്പർ 3-ലെ അവസാന കോളത്തിൽ നൽകിയിട്ടുണ്ട്. ഇതിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കൊപ്പം കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ മണ്ണുത്തിയിൽ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ നിന്നു കൂടി ജൈവ/ജീവാണു കീടനാശിനികൾ നേരിട്ട് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

5. ഫല-പുഷ്പ-ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ ഖണ്ഡിക 6.1-ലെ പട്ടികയിൽ ക്രമനമ്പർ 5-ആയി നൽകിയിട്ടുണ്ട്. ഇതേ മാനദണ്ഡങ്ങൾ അനുസരിച്ച് കവുങ്ങ് തൈ കൂടി നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

6. തരിശ് കൃഷി, സ്ഥിരം കൃഷി

i. തരിശ് കൃഷി, സ്ഥിരം കൃഷി എന്നിവയുടെ കൃഷി ചെലവിന് നൽകാവുന്ന ധനസഹായവും മാനദണ്ഡങ്ങളും മാർഗരേഖയുടെ ഖണ്ഡിക 6.1- ൽ യഥാക്രമം 8-ഉം 9-ഉം ക്രമ നമ്പരുകളായി നൽകിയിട്ടുണ്ട്. തരിശ് കൃഷി, സ്ഥിരം കൃഷി എന്നിവയ്ക്ക് ബാധകമായ പൊതു മാനദണ്ഡങ്ങൾ ഇനം 9A ആയും നൽകിയിട്ടുണ്ട്. കൃഷി ചെലവ് എന്നത് കൂലി ചെലവ്, ഉത്പാദനോപാധികൾക്കുള്ള സബ്സിഡി എന്നിവ ഉൾപ്പെടെയുള്ള ധനസഹായമാണ്. കൃഷിക്കുള്ള മൊത്തം ചെലവിനുള്ള ധനസഹായത്തെ ആവശ്യമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂലി ചെലവ്, ഉല്പാദനോപാധികൾക്കുള്ള സഹായം എന്നിങ്ങനെ രണ്ടായി തിരിച്ച് മാർഗരേഖയിൽ കൃഷി ചെലവിന് സൂചിപ്പിച്ചിരിക്കുന്ന പരമാവധി ചെലവ് തുകയിൽ അധികരിക്കാതെ നൽകാവുന്നതാണ്. ഇങ്ങനെ ചെയ്യുന്ന സന്ദർഭത്തിൽ കൂലിചെലവ്, ഉല്പാദനോപാധികൾക്കുള്ള സഹായം എന്നിവയുടെ അനുപാതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തന്നെ നിശ്ചയിക്കാവുന്നതാണ്. എന്നാൽ വിത്ത്, വളം,

കീടനാശിനികൾ തുടങ്ങിയ ഉല്പാദനോപാധികൾക്ക് മറ്റ് പ്രത്യേക പ്രോജക്റ്റുകളിലൂടെ മാനദണ്ഡങ്ങൾ പ്രകാരം സബ്സിഡി നൽകുകയാണെങ്കിൽ പരാമർശം 1 പ്രകാരമുള്ള മാർഗരേഖയുടെ ഖണ്ഡിക 9A(2)-ലെ വ്യവസ്ഥകൾക്ക് ഈ ഉത്തരവിന്റെ ഖണ്ഡിക (6) (ii) പ്രകാരം വരുത്തിയിട്ടുള്ള ഭേദഗതി വ്യവസ്ഥകൾ കൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ.

ii. ഖണ്ഡിക 6.1 ലെ ക്രമനമ്പർ 9A പ്രകാരം തരിശ് കൃഷി, സ്ഥിരം കൃഷി എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളിലെ ഇനം 2 ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

> "വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ ഉല്പാദനോപാധികൾ മറ്റ് പ്രോജക്റ്റുകളിലൂടെ സബ്സിഡി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുകയാണെങ്കിൽ അപ്രകാരം അനുവദിക്കുന്ന സബ്സിഡി തുക കുറവ് ചെയ്ത് ബാക്കി തുക കൃഷി ചെലവിനുള്ള പ്രത്യേക ധനസഹായമായി നൽകാവുന്നതാണ്. എന്നാൽ നെൽക്കൃഷിയുടെ കാര്യത്തിൽ മാത്രം ഉല്പാദനോപാധികൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന അധിക സഹായം പട്ടികകളിൽ നൽകിയിട്ടുള്ള നിരക്കിന് പുറമെ നൽകാവുന്നതാണ്."

iii. സ്വന്തം ഉടമസ്ഥതയിലല്ലാത്ത ഭൂമിയിൽ തരിശു കൃഷിയോ സ്ഥിരം കൃഷിയോ ചെയ്യുന്ന സന്ദർഭത്തിൽ ഉടമയ്ക്ക് അനുവദിക്കാവുന്ന സഹായത്തിന്റെ നിരക്ക് (പാട്ടത്തുക) ഖണ്ഡിക 6.1 ലെ പട്ടികയിൽ യഥാക്രമം ഇനം 8ലും ഇനം 9ലും നൽകിയിട്ടുണ്ട്. ഇപ്രകാരം കൃഷിക്കായി പാട്ടത്തിനെടുക്കുന്ന ഭൂമി കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത് എന്ന് ക്രമനമ്പർ 9A യുടെ ഇനം 7-ൽ വ്യക്തമാക്കിയിട്ടുണ്ട്. കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 'ഗുണഭോക്താവിന്റെ (കർഷകന്റെ) കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ടവർ' എന്ന് വ്യക്തത വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ

9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ഡയറക്ടർ, കൃഷി വകുപ്പ്
13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. ചീഫ് ടൗൺ പ്ലാനർ
15. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
16. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
17. എല്ലാ ജില്ലാകളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
28. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
29. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 02-09-2022 18:01:15**

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്